# മാരാമൺ കൺവൻഷൻ 2023

# മാരാമൺ സന്ദേശം

പ്രതിദിന വാർത്താ പത്രിക

Published by: Malabar Mar Thoma Syrian Christian Evangelistic Association

2023 ഫെബ്രുവരി 14 ചൊവ്വ


### മാരാമൺ സന്ദേശം – ചൊവ്വ – പ്രഭാത യോഗം

## അന്ധകാരയിടങ്ങളെ പ്രകാശമാക്കുന്ന യഹോവ


**അഭിവന്ദ്യ ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പ**




*ചൊവ്വാഴ്ചത്തെ പ്രഭാത യോഗത്തിൽ അഭി.ഡോ.ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പ വചന സന്ദേശം നൽകുന്നു*

### മീഖാ 7: 1–8

അയ്യോ എനിക്ക് കഷ്ടമെന്ന് ഉരുവിട്ടാണ് മീഖാ പ്രവാചകൻ ഏഴാം അദ്ധ്യായം ആരംഭിക്കുന്നത്. പ്രതീക്ഷയും പ്രത്യാശയും വെയ്ക്കുവാൻ ഒന്നുമില്ലെന്ന് കാണുന്ന അവസ്ഥയിലാണ് ഈ നിലവിളികൾ ഇവിടെ രേഖപ്പെടുത്തുന്നത്. അവിടെ ഫലരഹിത ജീവിതവും അവിശ്വസ്തതയും അഭക്തിയും പ്രവാചകൻ ദർശിച്ചതിനാലാണ് ഈ നിലവിളികൾ. പ്രവാചകൻ ഉയർത്തുന്നത് മാത്രമല്ല,

സാഹോദര്യത്തിന്റെ നന്മകൾ പ്രകടമാക്കേണ്ടിടത്ത് സ്വന്തം സഹോദരന്റെ നാശത്തിന് വഴിയൊരുക്കുന്ന ചില ചതിയിടങ്ങളും ഉണ്ടെന്ന് മീഖാ പ്രവാചകൻ ചൂണ്ടിക്കാട്ടുന്നു. അത് ഇന്നിന്റെ ജീവിതപരിസരങ്ങളിലുമുണ്ട്. മനുഷ്യൻ ദൈവത്തോട് വിശ്വസ്തതയില്ലാത്ത കാലഘട്ടത്തിൽ സാഹോദര്യത്തിന് യാതൊരർത്ഥവുമില്ലാതെ പോകുന്നു.

പ്രത്യാശയും നന്മയും നഷ്ടപ്പെട്ട ഫലരഹിതമായ അവിശ്വസ്തത നിറഞ്ഞ കാലഘട്ടത്തിൽ ബദൽ ബോധ്യങ്ങൾ നൽകുകയാണ് മീഖാ പ്രവാചകൻ. ഉത്പത്തി പുസ്തകം 33–ാം അദ്ധ്യായത്തിൽ യാക്കോബും ഏശാവും തമ്മിലുള്ള ഒരു കൂടിക്കാഴ്ചയുണ്ട്. അവിടെ യാക്കോബ് ഏശാവിനെ ആലിംഗനം ചെയ്തു പറയുന്ന വാചകം, സാഹോദര്യത്തിന്റെ പുത്തൻ ആവിഷ്ക്കാരമാണ്. ഒരു പ്രതിസംസ്ക്കാരമാണ്. “ദൈവത്തിന്റെ മുഖം കാണുന്നതുപോലെ ഞാൻ നിന്റെ മുഖം കാണുന്നു” . വേദഭാഗത്ത് നോക്കുമ്പോൾ തിന്മ പ്രവൃത്തികളെ നന്മയായി ചുറ്റുപാടുകൾ ചിത്രീകരിച്ച് നൽകുന്നു. ജാഗ്രതാ ബുദ്ധി മൂന്നാം വാക്യത്തിൽ കാണാം. ഈ പ്രവണതയും ചിത്രീകരണവുമാണ് ദാനിയേലിന്റെ പുസ്തകത്തിൽ. കാരണം ദാനിയേലിനെ നശിപ്പിക്കുവാൻ നന്മയെന്ന് തോന്നും വിധമുള്ള തിന്മയുടെ ഉപായങ്ങൾ ചുറ്റും നിൽക്കുന്നവർ ഉപയോഗിക്കുന്നു. ഇത്തരം പരിശ്രമങ്ങൾ ഇന്നിന്റെയും നേർക്കാഴ്ചയാണ്. ജാഗ്രതയോടെ തിന്മ പ്രവർത്തിക്കുന്ന ഭീകരത പ്രവാചകൻ വിവരിക്കുന്നു. തുടർന്നുള്ള വാക്യങ്ങളിലേക്ക് വരുമ്പോൾ അഴിമതി നിറഞ്ഞ ഒരു സമൂഹത്തെ കാണിക്കുന്നു. അത്തരം പശ്ചാത്തലങ്ങളിൽ സമൂഹത്തിന്റെ വേദനകൾക്കും നൊമ്പരങ്ങൾക്കും അറുതി വരുത്തേണ്ടവർ മുറിവുകൾ ഉളവാക്കുന്നവരായി തീരുന്നു. കേവലം പൊള്ളയായ സാഹചര്യങ്ങളെയും സ്നേഹത്തെയും പ്രവാചകൻ വിവരിക്കുമ്പൾ ബന്ധങ്ങൾക്കിടെയിൽ ഉണ്ടാകുന്ന അകൽച്ചയുടെയും തകർച്ചയുടെയും ആഴം വ്യക്തമാക്കുന്നു. അതിനാൽ നമ്മുടെ കുടുംബപശ്ചാത്തലത്തിലും ജീവിത ഇടങ്ങളിലും നൽകുന്ന ദർശനങ്ങൾ ചേർത്തു വെക്കപ്പെടണം.

**ദൈവത്തിങ്കലേക്ക് നോക്കുക**

ക്രമം കെട്ട സാമൂഹിക സാംസ്ക്കാരികയിടങ്ങളിൽ ഒരു പുത്തൻ സംസ്കൃതി പ്രവാചകൻ രൂപപ്പെടുത്തുകയാണ്. അതിനാൽ ഓർമ്മിപ്പിക്കുന്നു – ഞാനോ യഹോവയിങ്കലേക്ക് നോക്കും. നാം ഒരു പുതിയ ജീവിത ക്രമമായി തീരുന്നതിന് പ്രവാചകൻ നമ്മെ ഒരുക്കുകയാണ്, ഓർമ്മിപ്പിക്കുകയാണ്. ജീവിതത്തിന്റെ നൊമ്പരങ്ങളിലും കഷ്ടതയിലും യഹോവയിലേക്ക് നോക്കുവാൻ നമുക്ക് കഴിയേണ്ടതായിട്ടുണ്ട്. സങ്കീർത്തനക്കാരൻ പറയുന്നു; യഹോവയിങ്കലേക്ക് നോക്കിയവർ പ്രകാശിതരായി തീരും. വലിയ ഉത്തരവുകൾക്കും രേഖകൾക്കും മധ്യത്തിൽ യഹോവയിങ്കലേക്ക് മാത്രം നോക്കുന്ന ദാനിയേൽ നമ്മെ വെല്ലുവിളിക്കുകയാണ്. അതിനാൽ നൊമ്പരപ്പെടുന്ന ജനത്തോട് പ്രവാചകൻ പറയുകയാണ് – ദൈവത്തിലേക്ക് നോക്കുക.

**ദൈവീക രക്ഷാ പദ്ധതികൾക്കായി കാത്തിരിക്കുക**

ജീവിതത്തിൽ പ്രതീക്ഷയും പ്രത്യാശയും നഷ്ടപ്പെട്ട സാഹചര്യത്തിൽ രക്ഷയുടെ ദൈവത്തിനായി കാത്തിരിക്കുവാൻ നമുക്ക് കഴിയണം. യെശയ്യാ പ്രവാചകൻ പറയുന്നു. യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും. ചില കാത്തിരിപ്പുകൾ നമ്മുടെ ജീവിതത്തിൽ ആവശ്യമാണ്. നാൽപ്പതാം സങ്കീർത്തനത്തിലെ ദാവീദിന്റെ പ്രതികരണം ഈ കാത്തിരിപ്പിന്റെ ദൈവീക രക്ഷയെ വിവരിക്കുന്നുണ്ട്. അതുപോലെ ദാനിയേലിലൂടെ വെളിപ്പെട്ട ദൈവീക രക്ഷയെ രാജാവ് അടുത്ത ദിവസം സാക്ഷ്യം വഹിക്കുന്നുണ്ട്. ചില കാത്തിരിപ്പുകൾ ചില തിരിച്ചറിവുകളിലേക്ക് നയിക്കുന്നു.

**പ്രാർത്ഥനയെ കേൾക്കുന്നതായ ദൈവം**

ആശങ്കയുടെയും നിരാശയുടെയും അനുഭവങ്ങൾക്ക് മേൽ പ്രത്യാശയുടെ കരുത്ത് പ്രവാചകൻ പകരുകയാണ്. ‘എന്റെ ദൈവം എന്റെ പ്രാർത്ഥന കേൾക്കും’ ..... പ്രാർത്ഥനകൾക്ക് ഉത്തരം നൽകുന്ന ദൈവത്തെ പ്രവാചകൻ കാണിച്ചു തരും. സെഖര്യാവ് – എലിസബത്ത് ദമ്പതികളുടെ ജീവിതത്തിൽ പ്രാർത്ഥനയ്ക്ക് മറുപടിയായി നൽകുന്ന ദൈവത്തെ നമുക്ക് കാണാം. അവരുടെ നഷ്ടമായ എല്ലാ ജീവിത സാദ്ധ്യതളും പ്രാർത്ഥനയിലൂടെ മാറ്റപ്പെടുകയാണ്. അവരുടെ ജീവിതത്തിൽ ഒരു തലമുറയെ ലഭ്യമാക്കുന്നത് പ്രാർത്ഥനയുടെ ഉത്തരമല്ലാതെ ഒന്നുമല്ല.

അന്ധകാരപൂർണ്ണമായ ജീവിതയിടങ്ങളെ പ്രകാശമാക്കുന്ന ദൈവം അന്ധകാരപൂർണ്ണമായ ജീവിതങ്ങൾക്ക് മേൽ വെളിച്ചം ഉറപ്പ് നൽകുന്ന ദൈവസാന്നിദ്ധ്യത്തെ നാം വിസ്മരിച്ചു പോകരുത്. ഇരുളടഞ്ഞ ജീവിത സാദ്ധ്യതകളെ ദൈവം തുറക്കുമ്പോൾ അത് പ്രകാശത്തിന്റെയും വഴിയായി മാറ്റപ്പെടുന്നു. ആ നിത്യപ്രകാശത്തിന്റെ വഴി ഉത്ഥിതനായ നമ്മുടെ കർത്താവാണ്. ആ പ്രകാശത്തിന്റെ ധൈര്യമാണ് നമ്മുടെ ജീവിതത്തിന് ആവശ്യമായിരിക്കുന്നത്. ആദിമ സഭയുടെ വിശ്വാസ ജീവിതത്തിന്റെ ധൈര്യവും ഉറപ്പും പ്രകാശമായ ക്രിസ്തുവാണ്.

ഇന്നിന്റെ ജീവിത സാഹചര്യങ്ങളോട് പ്രവാചകൻ ആഴത്തിൽ ശബ്ദിക്കുന്നു.

തിന്മയുടെ ഭീകരത സൃഷ്ടിക്കുകയല്ല, മറിച്ച് നന്മയുടെ പുത്തൻ സാഹോദര്യങ്ങൾ സൃഷ്ടിക്കണം. അതിന് ദൈവികരക്ഷാപദ്ധതിക്കായി കാത്തിരുന്ന് ദൈവത്തോട് പ്രാർത്ഥിക്കാം

*തയ്യാറാക്കിയത് : ലിബിൻ പൊന്നച്ചൻ & കെവിൻ കെ മാത്യു*

*(മാർത്തോമ്മ വൈദീക സെമിനാരി)*

ബൈബിൾ സ്റ്റഡി :

# സൗഖ്യം, സുവിശേഷം, സംവാദം

റവ. ഷിബി വർഗ്ഗീസ്. പി



*റവ.ഷിബി വർഗ്ഗീസ്.പി ബൈബിൾ ക്ലാസ്സിന് നേതൃത്വം നൽകുന്നു*

**വി.യോഹന്നാൻ 5:1–8**

വിശുദ്ധ യോഹന്നാന്റെ സുവിശേഷം വെളിച്ചത്തിന്റെയും ജീവന്റെയും സ്നേഹത്തിന്റെയും സുവിശേഷമാണ്. മാത്രമല്ല, ഈ സുവിശേഷത്തിലെ സംവാദങ്ങളും, പ്രധാനപ്പെട്ടതാണ്. അത്തരത്തിൽ പ്രസ്തുത ഭാഗവും ഒരു സംവാദത്തിന്റെ പശ്ചാത്തലം കാണിക്കുന്നു. എന്നാൽ ഈ ധ്യാനഭാഗത്ത് അഞ്ച് പ്രധാനപ്പെട്ട അടിസ്ഥാനങ്ങളുണ്ട്. അവയാണ് കുളം, പക്ഷവാതക്കാരനായ മനുഷ്യൻ, അധികാരം, യേശുവിന്റെ പ്രഖ്യാപനങ്ങൾ, യെഹൂദന്റെ തന്ത്രവും യേശുവിന്റെ പീഡനുഭവവും

യോഹന്നാന്റെ സുവിശേഷം 5:1-8 വരെയുള്ള ഭാഗങ്ങളിൽ രണ്ട് പ്രധാന സംഭവങ്ങൾ ശ്രദ്ധേയമാണ്. ഒന്ന് കുളക്കരയിൽ 38 വർഷക്കാലം രോഗിയായി കിടക്കുന്ന മനുഷ്യന്റെ സൗഖ്യം. രണ്ട് ഈ മനുഷ്യൻ ദൈവാലയത്തിൽ എത്തുമ്പോഴുള്ള സംവാദം.

ബെഥ്സെയ്ദ എന്നാൽ യെരുശലേമിലിന് പുറത്തുള്ള ആട്ടുവാതിലിന് സമീപമുള്ള കുളം. യെരുശലേമിലേക്ക് പ്രവേശിക്കുവാൻ കഴിയുന്ന പല വാതിലുകളിൽ ഒന്നായി ആട്ടുവാതിലിനെ മനസ്സിലാക്കാം. അതുകൊണ്ട് യഹൂദന്റെ ശ്രദ്ധ എപ്പോഴും ചെല്ലുന്നതായ ദൂരം ചുറ്റുപാടിലാണ് പ്രസ്തുത ഭാഗത്തിലെ സംവാദം.

ചരിത്രം പരിശോധിക്കുമ്പോൾ ബി.സി നാലാം നൂറ്റാണ്ടു മുതൽ ബഥ്സെയദ കുളക്കരയെ സൗഖ്യത്തിന്റെ കേന്ദ്രമായി അറിയപ്പെട്ടിരുന്നു. മാത്രമല്ല, അതൊരു ഗോത്രസംസ്കൃതിയുടെ ഭാഗമാണ്. വേദഭാഗത്ത് പരാമർശിക്കുന്ന അഞ്ച് മണ്ഡപങ്ങൾ പ്രതിനിധീകരിക്കുന്ന ചില കാഴ്ചകളാണ് ഒരു തീർത്ഥാടന കേന്ദ്രമായി മാറിയിരിക്കുന്ന ഈ കുളത്തിന്റെ പരിസരത്തെ മുൻനിർത്തി അവയെ ധ്യാനിക്കാം.

**സൗഖ്യം സ്വപ്നം കാണുന്ന സംഘം**

ഈ ആളുകളെല്ലാം അപൂർണ്ണതയിൽ കഴിയുന്നവരാണ്. യഹൂദന്റെ നോട്ടത്തിൽ അവരുടെ വിശുദ്ധിക്ക് ചേരാത്ത സമൂഹമായി ഈ കൂട്ടത്തെ മനസ്സിലാക്കാം. ഇന്നിന്റെ കാലഘട്ടത്തിലൂടെ നോക്കിയാൽ ആളുകൾ എന്ന പദത്തിന് ചില പണ്ഡിതർ അഭിപ്രായപ്പെടുന്നത് അവർ ചിതറിക്കപ്പെട്ടവരും വിവിധ തുറകളിൽ തിരസ്കൃതരായവരുമാണ്. ഈ കുളം ശ്രദ്ധിക്കപ്പെടുന്നതും അവിടെ ആളുകൾ വന്നിരിക്കുന്നതിന്റെ പിന്നിൽ ഒരു കാരണമുണ്ട്. അത് യെരുശലേമിൽ സൗഖ്യമില്ലായെന്നതിലാണ്. അതുകൊണ്ട് കുളത്തിന് ഒരു കഥയുണ്ട്. അത് സൗഖ്യത്തിന്റെയും വിശ്വാസത്തിന്റെയും ഒരു കാല്പ്പനിക കഥയായി പരിണമിച്ചിരിക്കുന്നു. പ്രസ്തുത കുളത്തെ ഒരു ദേവന്റെ ഇടപെടീലിനോട് ചേർന്ന് മനസ്സിലാക്കാം. അതൊരു ദൈവീക സാന്നിദ്ധ്യത്തിന്റെ ഐതിഹ്യമാണ്. സ്വപ്ന തുല്യമായ അത്ഭുതത്തിന്റെ അടിത്തറ ഈ കുളക്കരയ്ക്ക് വന്നിരിക്കുന്നു. അതുകൊണ്ട് സൗഖ്യം സ്വപ്നം കാണുന്ന ഒരു സംഘം ഇവിടെയുണ്ട്.

**സൗഖ്യം സാധ്യമാകുന്ന സന്ദർശനം**

കുളത്തിനരികിലേക്ക് യേശു കടന്നു ചെല്ലുമ്പോൾ അതിന് മുമ്പ് അവിടെയൊരു അത്ഭുതമുണ്ട്. കാല്പ്പനീകമായ കഥയ്ക്ക് അപ്പുറം അവിടൊരു സൗഖ്യത്തിന്റെ അത്ഭുതമുണ്ട്. എന്നാൽ ചിലവില്ലാതെ സൗഖ്യം കിട്ടുമെന്ന ബോധ്യവും അവിടെ നിലനിന്നിരുന്നു. അതുകൊണ്ട് യരുശലേമിൽ സൗഖ്യം ഇല്ലാതെ വന്നപ്പോൾ സൗഖ്യത്തെ സ്വപ്നം കാണുവാൻ ജനത്തെ ഈ വിധത്തിലുള്ള കാല്പ്പനിക ബോധത്തിലേക്ക് ക്ഷണിക്കുന്നു.

മറ്റൊന്ന് ഈ സൗഖ്യം ആര് തരുന്നുവെന്നത് പ്രധാനമാണ്. ആരെങ്കിലും രൂപപ്പെടുത്തുന്ന സൗഖ്യത്തിന്റെ ഇടങ്ങളല്ല, മറിച്ച് ക്രിസ്തുവിന്റെ ഇടങ്ങളിൽ രൂപപ്പെടുന്ന സൗഖ്യത്തിന്റെ ശ്രേഷ്ഠത വിലപ്പെട്ടതാണ്. വീണ്ടും പരിശോധിക്കുമ്പോൾ നിലവിലിരിക്കുന്ന കാൽപ്പനിക സൗഖ്യത്തിന്റെ അനുഭവനത്തിനായി 38 വർഷക്കാലം കാത്തിരുന്ന മനുഷ്യരുണ്ടവിടെ. അവിടെയാണ് ക്രിസ്തു സന്ദർശനം. നീണ്ട 38 വർഷത്തെ അവന്റെ കാത്തിരിപ്പിന് മേലുള്ള സ്വപ്നത്തെ സഫലമാക്കുന്നത്. അതുകൊണ്ട് സന്ദർശനം സൗഖ്യത്തിന്റെ ആരംഭമാണ്.

**സൗഖ്യത്തിന്റെ സുവിശേഷം**

സുവിശേഷം എല്ലായ്പ്പോഴും ഉത്തരം മാത്രമല്ല, അതിനുമപ്പുറം ഗൗരവമേറിയ ചോദ്യങ്ങൾ ചോദിക്കുന്നതുമാണ്. സൗഖ്യം ആവശ്യമാണോ എന്ന ചോദ്യത്തിന് അവന്റെ ഇന്നലകളിലെ കദനകഥകളാണ് അവനു പറയാനുള്ളത്. ഇവിടെ സുവിശേഷത്തിന്റെ പുതിയ ദർശനം കാണുവാൻ കഴിയും. ചില സങ്കടങ്ങൾ, പരാതികൾ, സംഘർഷങ്ങൾ - കേൾക്കുന്നതും ഒരു സുവിശേഷമാണ്. അതിനാൽ ക്രിസ്തു അവനെ കേൾക്കുന്നത് അവന്റെ സൗഖ്യത്തിന്റെ രൂപപ്പെടലിന് ഇടയാകുന്നു. യെഹൂദന്മാരുടെ താത്പര്യം നിലവിലെ ഗോത്രബോധ്യങ്ങൾക്കുമപ്പുറം, കച്ചവടത്തിന്റെ ഇടമായി മാറിയിരിക്കുന്നു. അതിനാൽ സൗഖ്യത്തിന്റെ, കച്ചവട ഇടമായ കുളത്തെ സംബന്ധിച്ച ബോധ്യങ്ങളെ ക്രിസ്തു തിരുത്തുന്നു.

കച്ചവടത്തിന്റെ കരുത്തിൽ മാത്രം ചിലർ അതിജീവിക്കുമ്പോൾ ചില ജീവിതങ്ങൾ നിസ്സഹരായി തീരുന്നു. കരുണയില്ലാത്ത, കരുതൽ ഇല്ലാത്ത, കരുത്തരുടെ ഇടമായി രൂപപ്പെട്ട കച്ചവടത്തിന്റെ ഇടമായി ഈ കുളക്കര മാറിയിരിക്കുന്നുവെന്ന് ആ മനുഷ്യൻ പറയുകയാണ്. പലപ്പോഴും നാം ഇന്ന് ജീവിക്കുന്നതും ഈ കച്ചവടത്തിന്റെ ഇടത്തിലാണ്. എന്നാൽ യോഹന്നാന്റെ സുവിശേഷം ഉറപ്പു നൽകുന്നത് ഇത്തരം കമ്പോളലോകത്തിന്റെ വീണ്ടെടുപ്പാണ്. കമ്പോളത്തിന്റെ കരുത്തും കരുത്തരുടെ കമ്പോളവും സുവിശേഷത്തെ ചോദ്യം ചെയ്യുന്നു. കാരണം സുവിശേഷം, അത് കരുണയാണ്, കരുതലാണ്, കുരിശിന്റെ വഴിയാണ്.

**സൗഖ്യവും സഞ്ചാരവും ഒരുപോലെ**

ക്രിസ്തു ഇവിടെ അത്ഭുതങ്ങൾ ചെയ്യുന്നില്ല. ചിലപ്പോൾ ചില അത്ഭുതങ്ങൾ ചെയ്യാത്തതാണ് അതിലെ അത്ഭുതം. അത്ഭുതെ ചെയ്യുന്നതിനുമപ്പുറം, സഞ്ചാരങ്ങളുടെ ആരംഭമാണ് പ്രകടമാകുന്നത്. ക്രിസ്തു ഇവിടെ കിടക്കയെടുത്ത് നടക്കയെന്ന സഞ്ചാരത്തിന്റെ ആഹ്വാനം നൽകുന്നു. സൗഖ്യം വീണ്ടെടുപ്പാണ്, വീണ്ടും നടപ്പാണ്. സൗഖ്യം കിടക്കുന്നതല്ല, പിന്നെയോ നടക്കുന്നതാണ്. ക്രിസ്തു നൽകുന്ന സൗഖ്യത്തിലൂടെ അവൻ നടന്ന് നീങ്ങുകയാണ്. അവിടെ സൗഖ്യവും സഞ്ചാരവും ഒരുപോലെ വെളിപ്പെടുന്നു.

**സൗഖ്യം സൃഷ്ടിക്കുന്ന സംവാദം**

രണ്ടാം ഭാഗത്തേക്ക് വരുമ്പോൾ യെഹൂദന്റെ ആശങ്ക ഇവിടെ പ്രകടമാകുന്നു. മാത്രമല്ല, ചില സംവാദങ്ങൾ സൃഷ്ടിക്കുന്നു. ആദ്യത്തേത് യഹൂദനും, സൗഖ്യമായവനും തമ്മിലെങ്കിൽ യേശുവും സൗഖ്യമായവനും തമ്മിലാണ് രണ്ടാമത്തേത്. മൂന്നാമത്തേത് യേശുവും യെഹൂദനും തമ്മിൽ. ചില സംഘർഷങ്ങളുടെ സംവാദങ്ങളാണ് നമുക്ക് ഇവിടെ കാണാൻ കഴിയുന്നത്. അതിനും കാരണങ്ങൾ പലതാണ്. ഒന്ന് അവരുടെ നിത്യനിയമമായ ശബ്ബത്തിൽ ലംഘിക്കപ്പെടുന്നു. അവരുടെ കാഴ്ചപ്പാടിൽ ശബ്ബത്ത് ലംഘിക്കുന്നവൻ മരണയോഗ്യനാണ്. രണ്ട് ദൈവമായി സ്വയം വെളിപ്പെടുത്തുന്നതാണ്. ഈ സംവാദങ്ങൾക്കിടെയിൽ ക്രിസ്തു ചില പ്രഖ്യാപനങ്ങൾ നടത്തുന്നുണ്ട്. ശബ്ബത്ത് സദ്ഗുണമായി മാറുവാൻ നീതി നിർവ്വഹണങ്ങളുടെ അനുഭവമാണ് ഉണ്ടാകേണ്ടതെന്ന് യേശു സൂചിപ്പിക്കുന്നു. അതുകൊണ്ട് സൗഖ്യം ഒരുവന്റെ ധാർമ്മികമായ അവകാശവും കരുണയുടെ ഇടവുമാണ്. ഒരു തലത്തിൽ വിവാദമായ ഈ സംവാദം അവസാനിക്കുമ്പോൾ യഹൂദന്മാർ ക്രിസ്തുവിനെ കൊല്ലുവാൻ തീരുമാനിച്ച് ഉറയ്ക്കുന്നു. കാൽപ്പനിക ബോദ്ധ്യങ്ങൾക്ക് അപ്പുറം സൗഖ്യത്തിന്റെ സുവിശേഷ ഇടങ്ങളെ ക്രിസ്തു രൂപപ്പെടുത്തുന്നു. സൗഖ്യം ലഭിച്ചവർ എവിടെപ്പോയി എന്ന് പ്രസ്തുത ഭാഗങ്ങളിൽ പറയുന്നില്ല. ക്രിസ്തു സുവിശേഷത്തിന്റെ അനുഭവക്കാരാകുവാൻ നമുക്ക് കഴിയണം.

സായാഹ്നയോഗം :-

# നിർഭയത്വം മാതൃകയാക്കുമ്പോൾ

## സഖറിയ മാർ സേവേറിയോസ് മെത്രാപ്പോലീത്ത



*സായാഹ്ന യോഗത്തിൽ അഭി.സഖറിയ മാർ സേവേറിയോസ് മെത്രാപ്പോലീത്ത പ്രസംഗിക്കുന്നു*

ഉന്നതമായ മൂല്യങ്ങളെ സംസാരിക്കുന്നതിൽ നിന്നും നാം ആരെയാണ് ഭയപ്പെടുന്നത്. ഒരുകാത്ത് നിലനിന്നിരുന്നതായ നികുതിയും വർഗ്ഗീയതയും വേർതിരിവും പട്ടിണിയും, പീഡനവും എല്ലാം ഇന്നും ഉണ്ട്. എത്രമേൽ കൃത്യമായാണ് നാം ജീവിക്കുന്നത്. അത്തരം സാഹചര്യങ്ങളിൽ നമ്മുടെ പ്രാർത്ഥനകൾക്കും ബന്ധങ്ങൾക്കും ആരാധനകൾക്കും ആഴം കൂടുകയും കൂട്ടുകയും ചെയ്യേണ്ടത് ആവശ്യമാണ്. നാം നഷ്ടപ്പെടുത്തുന്നതുമായ അന്തസ് തിരിച്ചു പിടിക്കേണ്ടതായിട്ടുണ്ട്.

ചില ജീവിതങ്ങളിലേക്ക് നോക്കാം. ഏലിയാവ്...അയാൾ ആഹാബിന് ഒരു വിസ്മയമാണ്. യോഹന്നാൻ സ്നാപകൻ അയാൾ ഹെരോദാവിന് ഒരു ഭയമാണ്. എന്നാൽ പൗലോസ് അയാൾ ഫെലിക്സിനും അഗ്രിപ്പാ രാജാവിനും ഒരു ആകർഷണമാകുന്നു. ഇവരൊക്കെയും സത്യം പറഞ്ഞു പറഞ്ഞ് വാക്കിൽ ജീവിതത്തെ ക്രമപ്പെടുത്തി വേറിട്ട ശബ്ദമായി മാറിയവർ.

ചരിത്രത്തിൽ സഭാ പിതാക്കന്മാരെ നോക്കിയാലും ആർജ്ജിച്ച വാക്കിന്റെ ശബ്ദം ആഴ്ന്നിറങ്ങിയിട്ടുണ്ട്.

ഇന്നും യാതൊന്നും സംവേദിക്കാനില്ലാത്ത പ്രത്യാശ പകരുന്ന, സാന്ത്വനം ആകാതെ, ആശ പകരാത്ത, ജീവിതങ്ങളായി നാം തീരുമ്പോൾ പാരമ്പര്യങ്ങളിലേക്ക് മാറി ചിന്തിക്കുവാൻ പ്രേരിപ്പിക്കുന്നുണ്ട്. തങ്ങളുടെ ജീവിതത്തെ അനുകരിക്കുവാൻ തലമുറയോട് പറയുവാൻ കഴിയുന്ന മാതാപിതാക്കൾ ഇന്നുണ്ടോയെന്നതും സംശയം.

ഏലിയാ പ്രവാചകൻ ആഹാബിനോട് പ്രവചിക്കുന്ന ശക്തമായ ഭാഷയെ 1.രാജക്കാന്മാരുടെ പുസ്തകം 17-ാം അദ്ധ്യായത്തിൽ കാണാം. ആത്മീയതയും വിശ്വാസവും ചേർത്ത് വച്ച ഒരു ജീവിതമായിരുന്നു ഏലിയാവിന്റേത്. എന്നാൽ അക്ഷീണമുള്ള അയാളുടെ പ്രയാണം നമ്മെ അസ്വസ്ഥമാക്കുന്നുണ്ട്. കെരീത്തിൽ ദൈവത്തിന്റെ ചൂടും ചൂരുമേറ്റ് അയാൾ ഭയത്തെ വെറുക്കുന്ന ശബ്ദമായി തീരുന്നു. എല്ലാം ദൈവത്തിന്റേത് എന്ന തോന്നലിൽ നിന്നും എന്റേത് എന്ന് തോന്നുന്ന ഇടങ്ങളിലാണ് അഹന്തയും അഹങ്കാരവും രൂപപ്പെടുന്നത്. അപ്പോഴാണ് ദൈവത്തിന്റെ സ്വരൂപം നമ്മിൽ നിന്നും മങ്ങിത്തുടങ്ങുന്നത്.

ദൈവത്തിന്റെ സ്വരൂപമെന്നതിനെ നാം മറന്ന് ലോകത്തിന്റെ സ്വരൂപം അണിയുന്നതിന്റെ പേരാണ് ആത്മസ്വരൂപ വിസ്മൃതി. അപ്പോൾ ദൈവത്തിന്റെ സ്വരൂപത്തിലേക്ക് നാം സഞ്ചരിക്കേണ്ടതായിട്ടുണ്ട്. ദൈവ സ്വരൂപമാണ് നമ്മിലുള്ളതെന്ന് നാം ഒരിക്കലും മറന്നു പോകരുത്. ആത്മീയതയിൽ നിന്നും അഹന്തയും അതിൽ നിന്നും കാമവും, കാമത്തിൽ നിന്ന് പാപവും രൂപപ്പെടുന്നു. അതിനാൽ ഒരു തിരിച്ചു പോക്ക് ആവശ്യമാണ്.

ആരിലാണ് ആശ്രയം? ഏലിയാവിനെ നോക്കുമ്പോൾ അയാൾ ദൈവാശ്രയബോധത്തിൽ ജീവിച്ചു. അതുകൊണ്ടാണ് ദൈവം ഒരുക്കിയ ആതിഥ്യം കാക്കയിലൂടെയും വിധവയിലൂടെയും അയാൾ അനുഭവിച്ചത്. നിരുപാധികമായ തീരുമാനങ്ങളിലൂടെ ഏലിയാവ് കാലത്തെയും കാലഘട്ടത്തെയും അതിജീവിച്ചു. മറ്റൊന്ന് യോഹന്നാൻ സ്നാപകനാണ്. അധികാര ദുർവിനിയോഗം നടത്തുവാൻ ഭയത്തിന്റെ ആവശ്യം. ഭയം എന്ന രാജ്യത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. എന്നാൽ യോഹന്നാനിൽ നിന്നും ഈ നിർഭയത്വം ഉളവായത് എങ്ങനെയാണ്. തന്റെ ജനനം മുതൽ യോഹന്നാന് പരിചയമുള്ളത് ദൈവത്തെയും ക്രിസ്തുവിനെയുമാണ്. അതുകൊണ്ടാണ് ഉദരത്തിൽ വെച്ച് ദൈവാനുഗ്രഹം ലഭിക്കാൻ യോഹന്നാന് കഴിഞ്ഞത്.

നാം നയിക്കുന്ന ആത്മീയ ജീവിതം ഒരിക്കലും മറന്നു പോകരുത്. ആത്മീയതയുടെ മൗനതയിൽ നാം തന്നെത്തന്നെയാണ് വെളിപ്പെടുത്തേണ്ടത്. സത്യത്തിന്റെ ഭയം വെളിപ്പെടുത്തുന്നതിന് നമ്മിൽ ഒരു നിർഭയത്വം ആവശ്യമാണ്. അവസാനമായി പൗലോസിലേക്ക് നോക്കിയാൽ അദ്ദേഹം നടത്തുന്ന പ്രസംഗത്തിൽ ചിലർ മാത്രമാണ് മാനസാന്തരപ്പെടുന്നത്.

പരിഹാസവും നിഷേധവുമായിരുന്നു ഒരു നിലയിൽ ആ ഭാഷണത്തിന്റെ ഫലം. കാരണം അതിലൊന്ന് ക്രിസ്തുവും ക്രൂശും ഇല്ലായിരുന്നു.

ഇതുവരെ വായിച്ച മൂന്ന് ജീവിതങ്ങളും വ്യത്യസ്ത തലങ്ങളിൽ ശബ്ദിച്ചവരും നിർഭയത്തോടെ പ്രവർത്തിച്ചവരുമാണ്. ആത്മീയതയുടെ മൗനതയിൽ വെളിപ്പെടുന്ന വെളിച്ചത്തിൽ ഇരുട്ടിനെ അകറ്റാൻ നമുക്ക് കഴിയണം. അതുകൊണ്ടാണ് ഇവരുടെ ജീവിതങ്ങളെയെല്ലാം സ്വർഗ്ഗരാജ്യത്തിൽ കാണപ്പെട്ടത്.

# കൺവൻഷൻ നഗറിന് വെളിച്ചമേകാൻ ഹൈമാസ്റ്റ് ലൈറ്റും



മാരാമൺ : മാരാമൺ കൺവൻഷൻ നഗറിൽ ആന്റോ ആന്റണി എം.പി ഫണ്ടിൽ നിന്നും അനുവദിച്ച ഹൈമാസ്റ്റ് ലൈറ്റിന്റെ സ്വച്ചോൺ കർമ്മം ഡോ.തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത നിർവ്വഹിച്ചു. ചടങ്ങിൽ ആന്റോ ആന്റണി എം.പി, മാർത്തോമ്മാ സുവിശേഷ പ്രസംഗ സംഘം പ്രസിഡന്റ് ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്ത, സുവിശേഷ പ്രസംഗ സംഘം ജനറൽ സെക്രട്ടറി റവ.ജിജി മാത്യൂസ്, ലേഖക സെക്രട്ടറി ഡോ.അജിത് വർഗ്ഗീസ് ജോർജ്ജ്, മാനേജിംഗ് കമ്മറ്റി അംഗവും ബ്ലോക്ക് പഞ്ചായത്ത് മെമ്പറുമായ അജി അലക്സ്, ജോർജ്ജ് മാമ്മൻ കൊണ്ടൂർ,

മാരാമൺ റിട്രീറ്റ് സെന്ററിന് സമീപത്തായി ഹൈമാസ്റ്റ് സ്ഥാപിക്കണമെന്നത് ദീർഘ നാളായിട്ടുള്ള ആവശ്യമായിരുന്നു. ഇത് അനുഭാവ പൂർവ്വം പരിഗണിച്ചതിൽ പ്രത്യേകം നന്ദി അറിയിക്കുന്നതായി കൺവൻഷൻ സംഘാടക സമിതി അറിയിച്ചു.

## അരുതേ... അപകട സെൽഫി

കൺവൻഷൻ നഗറിൽ പലരും നദിയിൽ ഇറങ്ങി അപകടകരമായ തരത്തിൽ സെൽഫിയും ഫോട്ടോയും എടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ഒഴിവാക്കുന്നതിന് ശ്രദ്ധിക്കണം. നദിയും പരിസരവും അപകടരഹിതമായി സൂക്ഷിക്കാം.

## മദ്ധ്യസ്ഥ പ്രാർത്ഥന

മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കുള്ള വിഷയങ്ങൾ വ്യാഴാഴ്ച വരെ, സ്റ്റേജിനു പിന്നിൽ പ്രവർത്തിക്കുന്ന സുവിശേഷ പ്രസംഗസംഘം ഓഫീസിൽ നൽകാവുന്നതാണ്.

കൗൺസിലിംഗ് ശുശ്രൂഷ താല്പര്യപ്പെടുന്നവർക്ക് അതിനുള്ള സൗകര്യം കൗൺസിലിംഗ് ഷെഡ്ഡിൽ ക്രമീകരിച്ചിട്ടുണ്ട്.

## സ്തോത്രകാഴ്ചകളും സംഭാവനകളും

കൺവൻഷനിൽ പങ്കെടുക്കാൻ കഴിയാത്തവർക്ക് സ്തോത്രകാഴ്ചയും സുവിശേഷവേലയ്ക്കായുള്ള സംഭാവനയും നൽകുന്നതിനുള്ള ബാങ്ക് ഡീറ്റെയിൽസ് കൺവൻഷൻ തത്സമയം ടെലികാസ്റ്റ് ചെയ്യുന്ന മാധ്യമങ്ങളിൽ കൂടെ ലഭിക്കുന്നതാണ്. ഓൺലൈനായി പണമടയ്ക്കുന്നവർ പേമെന്റ് ഗേറ്റ്‌വേ സംവിധാനത്തിലൂടെയും ക്യു ആർ കോഡ് സ്കാൻ ചെയ്തും സ്തോത്രകാഴ്ചയിൽ പങ്കുചേരാം.

## പാർക്കിംഗ് സൗകര്യങ്ങൾ

കിഴക്കേടത്ത് പുരയിടത്തിൽ സഭാവക പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇരുചക്ര വാഹനങ്ങളുടെ പാർക്കിംഗും ലഭ്യമാണ്.

## മണൽപ്പുറം പ്രകൃതി സൗഹൃദമായി സൂക്ഷിക്കുക

മണൽപ്പുറം പ്രകൃതി സൗഹൃദമായി സൂക്ഷിക്കുവാൻ എല്ലാവരും ശ്രദ്ധിക്കണം. മാലിന്യങ്ങൾ മണൽപ്പുറത്തും നദിയിലും വലിച്ചെറിയാതെ മാലിന്യ സംഭരണികളിൽ മാത്രം ഉപേക്ഷിക്കണം. പ്ലാസ്റ്റിക്, ഫ്ളക്സ്, ഡിസ്പോസിബിൾ ഗ്ലാസ്, ഡിസ്പോസിബിൾ പ്ലേറ്റ് എന്നിവ പൂർണ്ണമായി നിരോധിച്ചിരിക്കുന്നു.

## കുടിവെള്ളം

മണൽപ്പുറത്ത് ക്രമീകരിച്ചിരിക്കുന്ന വാട്ടർ കിയോസ്കുകളിൽ ചൂടുവെള്ളവും തണുത്ത വെള്ളവും സാധാരണ കുടിവെള്ളവും ലഭ്യമാണ്. കുടിവെള്ളം അമൂല്യമായി കരുതി ദാഹശമനത്തിന് മാത്രം ഉപയോഗിക്കണം. മറ്റാവശ്യങ്ങൾക്ക് മണൽപ്പുറത്ത് ക്രമീകരിച്ചിരിക്കുന്ന സാധാരണ ടാപ്പുകളിൽ നിന്ന് വെള്ളം ശേഖരിക്കാവുന്നതാണ്.

കുടുംബവേദി

# അർത്ഥവത്തായ കുടുംബ ജീവിതത്തിന് ചില പാഠങ്ങൾ

ജോർജ്ജ് ബഹനാൻ മാവേലിക്കര



*കുടുംബവേദി യോഗത്തിൽ ജോർജ്ജ് ബഹനാൻ സംസാരിക്കുന്നു*

പ്രതിസന്ധികളും കഷ്ടതകളും നിറഞ്ഞതായ ഈ ലോകത്തിൽ ദൈവത്തോടൊപ്പം കുടുംബ ജീവിതം ആരംഭിച്ചാൽ അത് വിജയത്തിൽ അവസാനിക്കും. വിവാഹം ദൈവേഷ്ടമാണെങ്കിൽ പ്രാർത്ഥനയിൽ ആരംഭിക്കണം. അപ്പോൾ അർത്ഥവത്തായ ചില കാര്യങ്ങൾ സൂചിപ്പിക്കട്ടെ.

വിവാഹജീവിതത്തിൽ കരാറുകളില്ല പരസ്പരം കരാറുകൾ ഇല്ലാത്ത അവരവരുടെ പ്രാപ്തിക്കൊത്തതു പോലെ നല്ല ശീലങ്ങൾ ജീവിതത്തിൽ സൂക്ഷിച്ചാൽ കുടുംബജീവിതം അർത്ഥമുള്ളതാകും. കരാറുകൾക്ക് അപ്പുറമായി ദൈവീക ഉടമ്പടിക്ക് സ്ഥാനം കൊടുക്കണം.

അനാരാഗ്യ ലാളനകളെ മാതാപിതാക്കൾ ഒഴിവാക്കണം

അർത്ഥ രഹിതമായ ലാളനകൾക്ക് അപ്പുറമായി തിരുത്തൽ ശക്തിയായി മാറേണ്ടുന്ന ശാസനകൾ ഇന്നിന്റെ തലമുറയ്ക്ക് അനിവാര്യമാണ്. ശാസനയുള്ള സ്നേഹം മാതാപിതാക്കൾ കുടുംബങ്ങളിൽ രൂപപ്പെടുത്തണം.

### കുടുംബ ബന്ധങ്ങളിൽ പുരുഷ മേധാവിത്വം തീർക്കുന്ന വെല്ലുവിളികൾ

സ്ത്രീക്കും പുരുഷനും കുടുംബത്തിൽ തുല്യതയുണ്ടാകണം. ഈ ലോകത്തിൽ വലിയ നേട്ടങ്ങൾ കൈവരിക്കാനും പുരുഷനും സ്ത്രീക്കും സാധിക്കും.

സ്വാർത്ഥതയിൽ നിന്നും പുറത്തു വരേണ്ടുന്ന കുടുംബം

കുടുംബ ബന്ധങ്ങളിലെ തലമുറകളിലും സ്വർത്ഥതക്ക് അല്ല, കുടുംബങ്ങളിൽ സ്ഥാനം മറിച്ച് പങ്കിടുന്നതിലാണ്.

താഴ്മയുടെ മനോഭാവം കുടുംബങ്ങളിൽ സാദ്ധ്യമാകണം

ക്രിസ്തുവിലെ താഴ്മയുടെ ഭാവം നമ്മുടെ കുടുംബങ്ങളിൽ പ്രകടമാകണം. വ്യത്യസ്ത മനോഭാവങ്ങൾ ഉടലെടുക്കുന്ന കുടുംബ പശ്ചാത്തലം നമുക്ക് ചുറ്റുമുണ്ട്. യേശു ചോദിക്കുന്നു, സൗഖ്യമാകാൻ മനസ്സുണ്ടോ? നമ്മുടെ കുടുംബാംഗങ്ങളോടാണ് യേശു അത് ചോദിക്കുന്നത്.

### സ്വയം വിലയിരുത്തൽ കുടുംബത്തിന് ആവശ്യം

ബിസിനസ് രംഗത്ത് എല്ലാ പ്രമുഖ കമ്പനികളും അവരുടെ വളർച്ചയെ വിലയിരുത്താറുണ്ട്. അതുപോലെ കൃത്യതയാർന്ന വിലയിരുത്തൽ കുടുംബത്തിന് ആവശ്യമാണ്. നല്ല വിലയിരുത്തലുകൾ ഉണ്ടാകുമ്പോൾ കുടുംബ ജീവിതത്തിൽ നിന്നും തെറ്റുകൾ ഒഴിവാകുന്നു.

ശുഭാപ്തി വിശ്വാസം അനിവാര്യം

അനാവശ്യമായ ആകുലതകൾ കുടുംബജീവിതത്തിന്റെ സമാധാനം നഷ്ടപ്പെടുത്തുന്നു. എന്നാൽ എല്ലാ തുറകളിലും, അവസ്ഥകളിലും ശുഭാപ്തി വിശ്വാസം രൂപപ്പെടുത്താൻ കുട്ടികൾക്ക് കഴിയണം.

### പരസ്പരം അഭിനന്ദിക്കേണ്ട കുടുംബം

ചില പോരായ്മകളെ എടുത്തു കാണിക്കുന്നതിലല്ല, നല്ലതിനെ അഭിനന്ദിക്കാൻ നമ്മുടെ കുടുംബങ്ങളിൽ ശീലിപ്പിക്കണം. കേവല പരാതികൾക്കും, പരിഭവങ്ങൾക്കും അപ്പുറം പരസ്പരം അഭിനന്ദനത്തിന്റെ സന്തോഷ ഇടങ്ങൾ നമ്മുടെ കുടുംബത്തിൽ ഉണ്ടാകട്ടെ.

### പൊതുവായ ലക്ഷ്യം കുടുംബത്തിനുണ്ടാകണം

പരസ്പരം താരതമ്യം ചെയ്യാതെ പൊതുവായ ലക്ഷ്യത്തിനായി കുടുംബം മുന്നിട്ടിറങ്ങണം. കുടുംബത്തിലെ എല്ലാ വ്യക്തികളും വ്യത്യസ്തരും വ്യത്യസ്ത കഴിവുകളും ഉള്ളവരാണ്. മക്കളെപ്പോലും പല തട്ടുകളിൽ കാണുന്ന മാതാപിതാക്കൾ ഇന്ന് പല കുടുംബങ്ങളിലും ഉണ്ട്.

### ദർശനമുള്ള മാതാപിതാക്കൾ

വിശ്വാസത്തിന്റെ ദർശനങ്ങൾ തലമുറകളിലേക്ക് പകരുന്ന മാതാപിതാക്കൾ കുടുംബങ്ങളിൽ ഉണ്ടാകണം. അപ്പോൾ കുടുംബം വിശ്വസ്തതയിൽ അടിസ്ഥാനപ്പെടും.

*തയ്യാറാക്കിയത് :*
*ലിബിൻ പൊന്നച്ചൻ & കെവിൻ കെ മാത്യു*
*(മാർത്തോമ്മ വൈദീക സെമിനാരി)*




*128 മത് മാരാമൺ കൺവൻഷൻ നഗറിൽ മാർത്തോമ്മാ സുവിശേഷ പ്രസംഗ സംഘം രൂപം കൊണ്ട കടവിൽ മാളികയുടെ പുനഃ സമാഗമനവേദി നിർമ്മിച്ചത് ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോത്താ സന്ദർശിക്കുന്നു. തോമസ് കോശി, അഡ്വ. ജേക്കബ് ജോൺ കരിക്കം, സുബി പള്ളിക്കൽ, പി.പി. അച്ചൻ കുഞ്ഞ്, റവ. ജിജി മാത്യൂസ്, ജേക്കബ് ശാമുവേൽ എന്നിവർ സമീപം*

**എഡിറ്റോറിയൽ കോർഡിനേറ്റേഴ്സ്**
അഡ്വ.ജേക്കബ്ബ് ജോൺ കരിക്കം
അജി അലക്സ്
**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**
റവ.ജിജി മാത്യൂസ്
പ്രൊഫ.ഡോ.അജിത് വർഗ്ഗീസ് ജോർജ്ജ്
റവ.സജി പി സൈമൺ
ജേക്കബ്ബ് ശാമുവേൽ
പി.പി.അച്ചൻകുഞ്ഞ്
പി.കെ.കുരുവിള
തോമസ് കോശി
ജോസ് പി വയയ്ക്കൽ
ലറ്റീഷ്യ തോമസ്
സജി എം ജോർജ്
**ഡിസൈൻ & ലേ ഔട്ട്**
അരുൺ കുംബ്ലോലിൽ
ഷിജു ചുനക്കര

മാരാമൺ കൺവൻഷൻ പാട്ടു പുസ്തകങ്ങൾ (മലയാളം & ഇംഗ്ലീഷ് ട്രാൻസ്ലിറ്ററേറ്റഡ്) 20 രൂപയ്ക്ക് മണൽപ്പുറത്ത് ലഭ്യമാണ്.

കൺവൻഷൻ പാട്ടുകളുടെ സി.ഡി 100 രൂപയ്ക്ക് യുവജനസഖ്യം സ്റ്റാളുകളിൽ ലഭ്യമാണ്.

കൺവൻഷൻ പാട്ടുകളുടെ പെൻഡ്രൈവ് 400 രൂപയ്ക്ക് യുവജനസഖ്യം സ്റ്റാളുകളിൽ

## മാരാമണ്ണിൽ നാളെ

15.02.2023

രാവിലെ 07.30 മുതൽ 08.30
**കുട്ടികളുടെ യോഗം** -
കുട്ടിപ്പന്തലിൽ- സി.എസ്.എസ്.എം
ബൈബിൾ ക്ലാസ്സ് -
റവ.ഷിബി വർഗ്ഗീസ് പി

09.30 മുതൽ പൊതുയോഗം
അദ്ധ്യക്ഷൻ : -
ഡോ.ഐസക്ക് മാർ ഫിലക്സിനോസ് എപ്പിസ്കോപ്പ
വചന ശുശ്രൂഷ : -
ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്

ഉച്ചയ്ക്ക് 02.30 മുതൽ
**മദ്യ വർജ്ജന സമ്മേളനം**
സന്ദേശം : ഇയ്യാച്ചേരി കുഞ്ഞികൃഷ്ണൻ മാഷ്

വൈകുന്നേരം 05.00 മുതൽ
സാമൂഹിക തിന്മകൾക്കെതിരെയുള്ള യോഗം
അദ്ധ്യക്ഷൻ :-
ഡോ.ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്ത
വചന ശുശ്രൂഷ :-
ബിഷപ്പ് മാർ തോമസ് തറയിൽ